**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6819** **21-03-2023 - ൽ മറുപടിയ്ക്ക്**

**കൈവശ ഭൂമിക്ക് പട്ടയം നൽകുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൈവശ ഭൂമിക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വിശദീകരിക്കുമോ; | (എ) | "എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് " എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന കേരളത്തിലെ റവന്യൂ വകുപ്പ് ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ പദ്ധതിയാണ് പട്ടയം മിഷൻ. മലയോര മേഖല, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, വിവിധ കോളനികളിൽ താമസിക്കുന്നവർ എന്നിവർക്ക് അടിയന്തിര പ്രാധാന്യത്തോടെ പട്ടയം നൽകാനായി പട്ടയ മിഷൻ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ മേൽനോട്ടത്തിൽ അസിസ്റ്റന്റ് കമ്മീഷണറുടെ (LA) നേതൃത്വത്തിൽ പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലയിലും ഡെപ്യൂട്ടി കളക്ടർ (LR) ന്റെ നേതൃത്വത്തിൽ ജില്ലാ തല പട്ടയ മിഷനും എല്ലാ താലൂക്കിലും ഡെപ്യൂട്ടി തഹസിൽദാരുടെ നേതൃത്വത്തിൽ താലൂക്ക് തല പട്ടയ മിഷനും രൂപീകരിച്ചിട്ടുണ്ട് . ലാന്റ് ട്രിബ്യൂണലുകളിൽ നിലനിൽക്കുന്ന കേസുകൾ വേഗതയിൽ വിചാരണ നടത്തി ഫയൽ തീർപ്പാക്കുവാൻ ടാർജറ്റ് നൽകി പ്രവർത്തിച്ച് വരുന്നുണ്ട്. ഇതിനായി ലാന്റ് ബോർഡിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകി വരുന്നുണ്ട്. അർഹരായ മുഴുവൻ ഭൂരഹിതർക്കും സമയബന്ധിതമായി പട്ടയ വിതരണത്തിനുള്ള തുടർ നടപടികൾ താലൂക്ക് തലത്തിൽ കൈക്കൊള്ളുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന്റെ പുരോഗതി ആഴ്ച തോറും ലാന്റ് റവന്യൂ കമ്മീഷണർ വിലയിരുത്തുന്നുണ്ട്.<br><br>നിയമപ്രകാരം പട്ടയം നൽകുന്നതിനു തടസങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാന |

| | | | |
|---|---|---|---|
| | | | തലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലിന്റെ (പട്ടയം ഡാഷ്ബോർഡ്) പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ച ശേഷം പരിഹരിക്കാവുന്നവ പരിഹരിക്കുന്നതിന് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്ക ലാന്റ് റവന്യൂ കമ്മീഷണർ നൽകുകയും സർക്കാർ ഉത്തരവുകളിലൂടെയോ അല്ലെങ്കിൽ ചട്ട ഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവയിന്മേൽ സർക്കാരിൽ പരിശോധിച്ച് നടപടി സ്വീകരിച്ചു വരുന്നുണ്ട്.<br><br>കൂടാതെ 1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം കേരളത്തിൽ ജന്മിത്തം അവസാനിപ്പിക്കുകയും കുടിയായ്മ, കുടികിടപ്പ് അവകാശങ്ങളിൽ ഭൂമി കൈവശമുള്ളവർക്കെല്ലാം ഭൂമിക്കുമേൽ പൂർണമായ ഉടമസ്ഥാവകാശം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ ലാന്റ് ട്രൈബ്യൂണലുകളിൽ ഈ അവകാശങ്ങൾ ലഭിക്കുന്നതിനായി നൽകിയിട്ടുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനു പട്ടയം മിഷനിൽ ഉൾപ്പെടുത്തി ജില്ലകൾക്ക ടാർഗറ്റ് നൽകി പുരോഗതി വിലയിരുത്തി വരുന്നുണ്ട്. പട്ടയമിഷൻ പദ്ധതിക്കായി 2023 ലെ ബഡ്ജറ്റിൽ 2 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റെടുത്ത് ആദ്യ വർഷ കാലയളവിനുള്ളിൽ 54535പട്ടയങ്ങൾ വിതരണം ചെയ്തു. സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചുള്ള നൂറു ദിന കർമ്മ പദ്ധതിയുടെ ഭാഗമായി 40,000 പട്ടയങ്ങളെങ്കിലും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ ഓരോ ജില്ലയിലും ഇതിനകം വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) | അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | ഏതൊക്കെ ജില്ലകളിൽ എത്ര വീതം പട്ടയങ്ങളാണ് ഇനിയും നൽകാനുള്ളത് എന്ന് അറിയിക്കുമോ; | (സി) | പട്ടയത്തിന് അപേക്ഷ നൽകിയതും ഇനിയും പട്ടയം നൽകാനുള്ളതുമായ കേസുകൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) | ഇക്കാര്യത്തിൽ ഉണ്ടാകുന്ന കാലതാമസത്തിന് കാരണം എന്തെന്നും അവ പരിഹരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയെന്നും വിശദമാക്കുമോ? | (ഡി) | റവന്യൂ റിക്കാർഡുകൾ പ്രകാരം കായൽ പുറമ്പോക്ക്, കുളം പുറമ്പോക്ക്, തോട് പുറമ്പോക്ക് തുടങ്ങിയ വിവിധ രേഖപെടുത്തലുകൾ ഉള്ള ഭൂമി പതിച്ചു കൊടുക്കുന്നതിൽ നിയമപ്രകാരമുള്ള തടസ്സങ്ങൾ ഉള്ളതും ചില വിഷയങ്ങളിൽ ചട്ട ഭേദഗതി ആവശ്യമുള്ളതും ഈ കാരണങ്ങളാൽ പട്ടയം |

| | | | |
|---|---|---|---|
| | | | നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. ഇത്തരത്തിൽ നിയമപ്രകാരം പട്ടയം നൽകുന്നതിനു തടസങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാന തലത്തിൽ ഓൺലൈൻ പോർട്ടലിന്റെ (പട്ടയം ഡാഷ് ബോർഡ്) സഹായത്തോടെ ക്രോഡീകരിച്ചുവരുന്നുണ്ട്. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങളിൽ സർക്കാർ ഉത്തരവുകളുടെയോ അല്ലെങ്കിൽ ചട്ട ഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവ അപ്രകാരം പരിഹരിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

| ക്രമ നമ്പർ | ജില്ല | പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 992 |
| 2 | കൊല്ലം | 1169 |
| 3 | ആലപ്പുഴ | 635 |
| 4 | പത്തനംതിട്ട | 373 |
| 5 | കോട്ടയം | 382 |
| 6 | ഇടുക്കി | 3671 |
| 7 | എറണാകുളം | 2977 |
| 8 | തൃശ്ശൂർ | 11356 |
| 9 | പാലക്കാട് | 7606 |
| 10 | മലപ്പുറം | 10736 |
| 11 | കോഴിക്കോട് | 6424 |
| 12 | വയനാട് | 1733 |
| 13 | കണ്ണൂർ | 4221 |
| 14 | കാസർകോട് | 1946 |
| | **ആകെ** | **54535** |

### അനുബന്ധം 2

| ക്രമ നം | ജില്ല | LA പട്ടയങ്ങളുടെ അപേക്ഷകളുടെ എണ്ണം | LA പട്ടയങ്ങളുടെ അപേക്ഷകളുടെ എണ്ണം | മിച്ചഭൂമി പട്ടയങ്ങളുടെ അപേക്ഷകളുടെ എണ്ണം | ആകെ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 8676 | 426 | 6 | 9102 |
| 2 | കൊല്ലം | 847 | 124 | | 971 |
| 3 | പത്തനംതിട്ട | 327 | 105 | | 432 |
| 4 | ആലപ്പുഴ | 410 | 566 | | 976 |
| 5 | കോട്ടയം | 453 | 205 | | 658 |
| 6 | ഇടുക്കി | 45993 | 300 | | 46293 |
| 7 | എറണാകുളം | 1780 | 1372 | | 3152 |
| 8 | തൃശ്ശൂർ | 2963 | 12368 | | 15331 |
| 9 | പാലക്കാട് | 244 | 6334 | | 6578 |
| 10 | മലപ്പുറം | 3099 | 21566 | 154 | 24665 |
| 11 | കോഴിക്കോട് | 453 | 6358 | | 6811 |
| 12 | വയനാട് | 433 | 802 | 502 | 1235 |
| 13 | കണ്ണൂർ | 191 | 10081 | | 10272 |
| 14 | കാസർകോട് | 4512 | 1241 | | 5753 |
| | **ആകെ** | **70381** | **61848** | **662** | **132229** |

## അനുബന്ധം 1

| ക്രമ നമ്പർ | ജില്ല | പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 992 |
| 2 | കൊല്ലം | 1169 |
| 3 | ആലപ്പുഴ | 635 |
| 4 | പത്തനംതിട്ട | 373 |
| 5 | കോട്ടയം | 382 |
| 6 | ഇടുക്കി | 3671 |
| 7 | എറണാകുളം | 2977 |
| 8 | തൃശ്ശൂർ | 11356 |
| 9 | പാലക്കാട് | 7606 |
| 10 | മലപ്പുറം | 10736 |
| 11 | കോഴിക്കോട് | 6424 |
| 12 | വയനാട് | 1733 |
| 13 | കണ്ണൂർ | 4221 |
| 14 | കാസർകോട് | 1946 |
| | **ആകെ** | **54535** |

**അനുബന്ധം 2**

| ക്രമ നം | ജില്ല | LA പട്ടയങ്ങളുടെ അപേക്ഷകളുടെ എണ്ണം | LA പട്ടയങ്ങളുടെ അപേക്ഷകളുടെ എണ്ണം | മിച്ചഭൂമി പട്ടയങ്ങളുടെ അപേക്ഷകളുടെ എണ്ണം | ആകെ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 8676 | 426 | 6 | 9102 |
| 2 | കൊല്ലം | 847 | 124 | | 971 |
| 3 | പത്തനംതിട്ട | 327 | 105 | | 432 |
| 4 | ആലപ്പുഴ | 410 | 566 | | 976 |
| 5 | കോട്ടയം | 453 | 205 | | 658 |
| 6 | ഇടുക്കി | 45993 | 300 | | 46293 |
| 7 | എറണാകുളം | 1780 | 1372 | | 3152 |
| 8 | തൃശ്ശൂർ | 2963 | 12368 | | 15331 |
| 9 | പാലക്കാട് | 244 | 6334 | | 6578 |
| 10 | മലപ്പുറം | 3099 | 21566 | 154 | 24665 |
| 11 | കോഴിക്കോട് | 453 | 6358 | | 6811 |
| 12 | വയനാട് | 433 | 802 | 502 | 1235 |
| 13 | കണ്ണൂർ | 191 | 10081 | | 10272 |
| 14 | കാസർകോട് | 4512 | 1241 | | 5753 |
| | **ആകെ** | **70381** | **61848** | **662** | **132229** |